# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ.1968

25/03/2013 ൽ മറുപടിയ്ക്ക്

## ജയിലിലെ മരണവും നഷ്ടപരിഹാരവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ചേർത്തല തണ്ണീർമുക്കം പഞ്ചായത്ത് സ്വദേശിയായിരുന്ന ഹരിഭവനിൽ ഗുരുദാസൻ മരുന്നും ചികിത്സയും കിട്ടാതെ ജയിലിൽ വച്ച് മരണമടഞ്ഞതിനെ തുടർന്ന് അദ്ദേഹത്തിന്റെ മരണത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് മകൻ വിഷ്ണു നൽകിയ പരാതിയിന്മേൽ മനുഷ്യാവകാശ കമ്മീഷൻ നൽകിയ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കമ്മീഷൻ വിധിച്ച നഷ്ടപരിഹാരതുക ബന്ധുക്കകൾക്ക് നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത് നൽകാൻ വൈകുന്നതെന്ന് വ്യക്തമാക്കുമേ; | (ബി) യും (സി) യും പരിശോധിച്ചു വരുന്നു. |
| (സി) നഷ്ടപരിഹാരമായി വിധിച്ച തുക എത്രയും വേഗം ബന്ധുക്കൾക്ക് ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | |
| (ഡി) ഇപ്രകാരം പോലീസ് നടപടികളുടെയും കൃത്യവിലോപത്തിന്റെയും പേരിൽ ജീവൻ നഷ്ടപ്പെടുകയും മറ്റു തരത്തിലുള്ള നഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്യുന്ന കേസുകളിൽ സർക്കാർ നൽകേണ്ട നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാറുണ്ടോ; | (ഡി) ഉണ്ട്. |
| (ഇ) ഈ ഇനത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തുക നഷ്ടപരിഹാരമായി നൽകേണ്ടി വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ഇ) Rs. 16,80,000/- (പതിനാറു ലക്ഷത്തി എൺപതിനായിരം രൂപ) |

സെക്ഷൻ ഓഫീസർ